**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ഇലക്ട്രിക്കൽ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി പത്ത് ഇലക്ട്രിക്ക് ബസ്സുകൾ പത്ത് വർഷത്തെ കാലാവധിക്ക് " M/s Mahavoyage " എന്ന കമ്പനിയിൽ നിന്നും ലീസിന് എടുത്തിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി മഹാവോയേജ് എൽ.എൽ.പി എന്ന സ്ഥാപനത്തിൽ നിന്ന് 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനായി ലീസിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബസ്സുകൾ നിലവിൽ ഏത് റൂട്ടിലാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ; | (ബി) | തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ആണ് പ്രസ്തുത ബസ്സുകൾ ഓപ്പറേറ്റ് ചെയ്തിരുന്നത്. നിലവിൽ ഈ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (സി) | കരാർ പ്രകാരം ഇതിനകം എത്ര തുക പ്രസ്തുത കമ്പിനിക്ക് കെ.എസ്.ആർ.ടി.സി. നൽകിയെന്ന് അറിയിക്കുമോ; | (സി) | 4,99,43,701/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | ബസ്സ് ഓപ്പറേറ്റ് ചെയ്ത വകയിൽ കെ.എസ്.ആർ.ടി.സി.ക്ക് 31.12.2020 വരെ ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ; | (ഡി) | ഇലക്ട്രിക് ബസ് ഓപ്പറേറ്റ് ചെയ്ത വകയിൽ 3,03,93,797/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇലക്ട്രിക് ബസ്സ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി-ക്ക് വൻസാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുവെങ്കിൽ നഷ്ടപരിഹാരം നൽകി കരാറിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് പിൻമാറുന്നതിന് സാധിക്കുമോ? | (ഇ) | മൂന്ന് മാസത്തെ നോട്ടീസ് നൽകി ഇരുകക്ഷികൾക്കും കരാറിൽ നിന്ന് പിന്മാറാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ